REGISTERED NO. M. 4966

PHONE 4 GRAMS "BULL" RESI. 44
K.GOPALAMOOTHAN & BROR
JEWELLERS, PALGHAT.
JENAK NECKLACE 4 Sov.
THE MOST RELIABLE OLD FIRM FOR JEWELLERY

മലയാള മനോരമ
പേജ് 8 The Malayala Manorama Established 1888 വില 7 ന. പ.
VOL LXI | കോട്ടയം 1958 ഡിസംബർ 27 ശനി | No. 299

ഭ്രാന്ത്, അപസ്മാരം മുതലായ
മാനസികവ്യാധികൾക്ക് പ്രത്യേകചികിൽസ
ആയുർവ്വേദിക് മെൻറൽ നഴ്സിംഗ് ഹോം
സൗത്ത് റെയിൽവേസ്റ്റേഷനുസമീപം,എറണാകുളം
നഴ്സിംഗ് ഹോമിലെ ഫിസിഷ്യൻ വൈദ്യരത്നം
കെ. പി. കെ. നായർ[Specialist for Mental diseases]
എല്ലാ ഇംഗ്ലീഷ് മാസവും 28, 29 തീയതികളിൽ
കോട്ടയത്ത് ടി. ബി. റോഡിലുള്ള മെട്രോപോൾ ലോഡ്ജിൽവച്ചു
രോഗികളെ പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതാണ്.

ചരിത്ര കോൺഗ്രസ്

21-ാമത് അഖിലേന്ത്യാ സമ്മേളനം

കേരളത്തിന്റെ പ്രത്യേകതകളെപ്പററി പരാമർശനങ്ങൾ

ഗവർണ്ണർ, ഡോ. ജോൺമത്തായി, കാളീകിങ്കർ ദത്ത, മുഖ്യമന്ത്രി എന്നിവരുടെ പ്രസംഗങ്ങൾ

(സ്വന്തംലേഖകൻ) തിരുവനന്തപുരം, ഡിസംബർ 26

കേരളത്തിലെ ചരിത്രകാരന്മാരും സർവകലാശാലയും കേരളത്തിന്റെ പൌരാണികവും വസ്തുനിഷ്ഠവുമായ ഒരു സമഗ്ര ചരിത്രം ഇംഗ്ലീഷിൽ തയ്യാറാക്കുന്ന കാര്യത്തിൽ ശ്രദ്ധ പതിക്കണമെന്നു കേരള ഗവർണ്ണർ ഡോ. ബി. രാമകൃഷ്ണറാവു ഉൽബോധിപ്പിച്ചിരിക്കുന്നു. അത്തരമൊരു ചരിത്ര രചനയ്ക്കുള്ള ചരിത്ര വിഭവങ്ങൾ കേരളത്തിൽ സമൃദ്ധിയായുണ്ടെന്നും അദ്ദേഹം പറഞ്ഞു.

21-ാമതു് അഖിലേന്ത്യാ ചരിത്രകോൺഗ്രസ്സ് കേരളസർവകലാശാലാ സെനററ മന്ദിരത്തിൽവച്ച് ഉൽഘാടനം ചെയ്തുകൊണ്ടു് അദ്ദേഹം പ്രസംഗിക്കുകയായിരുന്നു.

പ്രസിദ്ധരായ പല ചരിത്രകാരന്മാരും ഉൾപ്പെടെ 400-ൽപ്പരം ഡലിഗേററുകൾ ഇൻഡ്യയുടെ വിവിധഭാഗങ്ങളിൽനിന്നുമായി ഈ സമ്മേളനത്തിൽ പങ്കെടുത്തിട്ടുണ്ട്. കേരളസർവകലാശാലാ വൈസ് ചാൻസലർ ഡോ. ജോൺമത്തായിയുടെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന്റെ പ്രസംഗം ശ്രീ വി. എൻ. നാരായണപിള്ളയാണു വായിച്ചതു്. പാററ്നാ കോളജ് പ്രിൻസിപ്പാൾ കാളികിങ്കര ദത്ത ആയിരുന്നു സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു്.

അമിതമായ ദേശസ്നേഹവും സങ്കുചിതമായ പ്രാദേശികചിന്തയും മാററി, യഥാർത്ഥമായ വസ്തുതകൾ നിരത്തിവയ്ക്കുകയാണ് ഒരു ചരിത്രകാരന്റെ കടമ എന്നു ഗവർണ്ണർ പ്രസ്താവിച്ചു. മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടു് ഒരു ഇൻഡ്യാ ചരിത്രം നിർമ്മിക്കേണ്ടതു് ആവശ്യമാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

സ്വാഗതപ്രസംഗം

ഡോ. മത്തായിയുടെ സ്വാഗതപ്രസംഗത്തിൽ പശ്ചിമേഷ്യയും ഇൻഡ്യയും തമ്മിലുണ്ടായിരുന്ന വാണിജ്യ-സാംസ്കാരിക ബന്ധങ്ങളുടെ പ്രധാന കേന്ദ്രം കേരളം ആയിരുന്നുവെന്നും ആ ബന്ധം പണ്ടുമുതൽതന്നെ കേരളത്തിൽ ഒരു സാർവജനീനതയും വളർത്താൻ പര്യാപ്തമായിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇന്നു കേരളം ലോകമതങ്ങളെയെല്ലാംതന്നെ ഏറെയാക്കെ പ്രതിനിധീകരിക്കുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങളിൽ മതപീഡനം സാർവത്രികമായിരുന്ന ഒരു കാലഘട്ടത്തിലും കേരളം സമുദായസഹിഷ്ണുതയുടെ വിളനിലമായിരുന്നിട്ടുണ്ട്. കേരളത്തിൽ ഒരു മൈൽ ചുററളവിനുള്ളിൽതന്നെ ഒരു അമ്പലവും ഒരു പള്ളിയും ഒരു ബുദ്ധവിഹാരവും അന്യോന്യം ബഹുമാനത്തോടെ വർത്തിച്ചകാലം തനിക്കോർമ്മയുണ്ടെന്നു പറഞ്ഞുകൊണ്ടു, ഭാരതത്തിന്റേതായ തത്വചിന്തയ്ക്കു ശ്രീ ശങ്കരൻ മുഖേന കേരളം നൽകിയ സംഭാവന അദ്ദേഹം അനുസ്മരിപ്പിച്ചു. ഭാരതത്തിന്റെ ഇതരഭാഗങ്ങളുമായി [illegible] കേരളത്തെ വേർതിരി [illegible]

ഇൻഡ്യൻ റോക്കററ്

വിജയകരമായ പരീക്ഷണം

(പി.ററി.ഐ) മൈസൂർ, ഡി. 26

ഇൻഡ്യൻ അസ്ട്രോണമിക്കൽ സൊസൈററി ഇന്നു രാവിലെ ഇവിടെവച്ച് ഒരു റെറനില റോക്കററു വിജയകരമായി അന്തരീക്ഷത്തിലേക്കു പായിച്ചിരിക്കുന്നു. ഇവിടെ നിന്നു 7 മൈൽ അകലെ സ്ഥിതി ചെയ്യുന്ന ഒരു ചെറിയ കുന്നിന്റെ മുകളിൽ വച്ചാണു റോക്കററു പരീക്ഷണം നടത്തപ്പെട്ടതു്. വിസ്തൃതമായ ഒരു പ്രദേശത്തു വെള്ളനിറത്തോടുകൂടിയ പുക വമിച്ചുകൊണ്ടു റോക്കററു നേരെ മേലോട്ട് ഉയർന്നു. ഈ കാഴ്ച കാണാൻ പരീക്ഷണരംഗത്തിനു സമീപം അനേകം ആളുകൾ തടിച്ചുകൂടിയിരുന്നതുള്ളതും സ്മരണീയമാണ്. ഏകദേശം 5000 അടി ഉയർന്നപ്പോൾ റോക്കററിന്റെ നാസാഗ്രം നിലംപതിച്ചു. മേൽപ്പറഞ്ഞ കുന്നിൽ നിന്നു് ഏകദേശം 300 ഗജം അകലെയാണ് നാസാഗ്രം വീണതു്. റോക്കററു വിക്ഷേപിച്ച പാർട്ടിയിലെ ഒരംഗമായ മി.കെ.എസ്.കമാർ ഇപ്രകാരം പ്രസ്താവിച്ചു—വിക്ഷേപണം വിജയകരമായി. എന്നാൽ ഞങ്ങൾ പ്രതീക്ഷിച്ചിടത്തോളം വിജയപ്രദമായില്ല.

അസ്ട്രോണമിക്കൽ സൊസൈററി പ്രസിദ്ധീകരിച്ച ഒരു പത്രക്കുറിപ്പിൽ ഇപ്രകാരം പറയുന്നു:—

ഇന്നു രാവിലെ 7. 45—നാണ് പരീക്ഷണം നടന്നതു്. ഇന്നു വിക്ഷേപിച്ച റോക്കററിന്റെ തൂക്കം 250 റാത്തലാണ്. നീളം 13 അടിയും. ഏററവും കൂടിയ വണ്ണം 4. 12 ഇഞ്ചാണ്. നാസാഗ്രത്തോടു ഒരു പ്രത്യേക യന്ത്രം ഘടിപ്പിച്ചിരുന്നു. ഈ യന്ത്രം [illegible]

കമ്യൂണിസ്റ്റുകാരുടെ മർദ്ദനം

രണ്ടു് ഐ. എൻ. ററി. യു. സിക്കാർ ആശുപത്രിയിൽ

(സ്വ. ലേ.) കൊച്ചി, ഡിസ.26

കമ്യൂണിസ്ററു നേതൃത്വത്തിലുള്ള ബോട്ടുകാർഗോ ലേബർ യൂണിയനിലെ തൊഴിലാളികളും ഐ. എൻ. ററി. യു.സി. തൊഴിലാളികളും തമ്മിൽ ഇന്നലെയുണ്ടായ ഏററുമുട്ടലുകളെത്തുടർന്നു മുറിവേററ രണ്ടു ഐ. എൻ. ററി. യു. സി. പ്രവർത്തകരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു.

ഇന്നലെയും മിനിഞ്ഞാന്നുമായി തുടരെത്തുടരെ, കൽപ്പത്തി, പുതിയ റോഡ്, കപ്പലണ്ടിമുക്ക, വെളി എന്നീ സ്ഥലങ്ങളിൽ വച്ചു സംഘട്ടനങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ആയുധധാരികളായ അക്രമികളുടെ സഞ്ചാരം കൊണ്ടു ടൗണിന്റെ പല ഭാഗങ്ങളിലും ഒരു ഭീകരാവസ്ഥയാണു നിലവിലിരിക്കുന്നതു്. ആശുപത്രിയിൽ കിടക്കുന്ന തൊഴിലാളികളെ കെ.പി.സി.സി. പ്രസിഡണ്ടു ശ്രീ. കെ. എ. ദാമോദരമേനോനും, കേന്ദ്ര ഡെപ്യൂട്ടി ഭക്ഷ്യമന്ത്രി ശ്രീ. എ. എം. തോമസും സന്ദർശിക്കുകയുണ്ടായി.

കെ. പി. സി. സി. പ്രസിഡണ്ടിന്റെ പ്രസ്താവന

(സ്വ. ലേ.) എറണാകുളം, ഡിസ. 26

കമ്യൂണിസ്റ്റുനേതൃത്വത്തിലുള്ള ബോട്ട് കാർഗോ ലേബർ യൂണിയനിലെ [illegible] ററി. യു. സി. [illegible] ശ്രീ. [illegible]

മലങ്കരസുറിയാനി ക്രിസ്ത്യൻ അസ്സോസിയേഷൻ യോഗത്തിൽ പ. കാതോലിക്കാബാവാ തിരുമേനി പ്രസംഗിക്കുന്നു. മാർ യൂലിയോസ് തിരുമേനിയേയും ചിത്രത്തിൽ കാണാം.

വെളിച്ചെണ്ണയുടെ ഫോർവേർഡ് വ്യാപാരത്തിന് അനുവാദം

കൊച്ചി ഓയിൽ മർച്ചൻറ്സ് അസോസ്യേഷനു് അംഗീകാരം നൽകപ്പെട്ടു

(പി. ററി. ഐ.) ബോംബെ, ഡിസംബർ 26

വെളിച്ചെണ്ണയുടെ ഫോർവേഡ് കോൺട്രാക്ട് സംബന്ധിച്ച്, ഫോർവേഡ് മാർക്കററു കമ്മീഷന്റെ ശുപാർശപ്രകാരം കൊച്ചി ഓയിൽ മർച്ചൻറ്സ് അസോസ്യേഷനു് ഇൻഡ്യാഗവർമ്മെൻറു് അംഗീകരണം നൽകിയിരിക്കുന്നു. 1958 ഡിസംബർ 16 മുതൽ — വർഷത്തേക്ക് ഈ അംഗീകരണത്തിനു പ്രാബല്യമുണ്ടായിരിക്കും.

എറണാകുളം ഡിസ്ട്രിക്ട് ഹരിജൻ വിദ്യാർത്ഥി സംഘടന

(സ്വ. ലേ) എറണാകുളം, ഡിസ. 26

എറണാകുളം ഡിസ്ട്രിക്ടിന്റെ വിവിധ ഭാഗങ്ങളിൽപ്പെട്ട ഹരിജൻവിദ്യാർത്ഥികളുടെ ഒരു യോഗം എറണാകുളം ഹരിജൻ ഹോസ്റ്റലിൽ വച്ച് ശ്രീ. വി. ചിദംബരന്റെ അദ്ധ്യക്ഷതയിൽ കൂടി. പ്രസ്തുത യോഗത്തിൽ കുന്നത്തുനാട്, മൂവാററുപുഴ, ആലുവാ, കണയന്നൂർ, കൊച്ചി, പറവൂർ എന്നീ താലൂക്കുകളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഇങ്ങനെയൊരു സംഘടനയുടെ ആവശ്യങ്ങളെയും, ലക്ഷ്യങ്ങളെയും, കർമ്മപരിപാടികളെയുംപററി [illegible]

തൊഴിൽ സഹകരണസംഘങ്ങളുടെ വിജയം

പൊതുമരാമത്തുമന്ത്രിയുടെ പ്രശംസ

(സ്വ.ലേ.) പാലക്കാട്ട്, ഡിസ. 26

കുഴൽമന്ദത്തിലെ ഒരു ബ്ളോക്ക ഡവലപ്പ്മെൻറു് സെമിനാർ ഉത്ഘാടനം ചെയ്തുകൊണ്ടു സഹകരണാടിസ്ഥാനത്തിലുള്ള കൃഷിയുടെ പ്രാധാന്യത്തെപ്പററിയും ലേബർ കോൺട്രാക്ട് സൊസൈററികളുടെ പ്രവർത്തനവിജയത്തെപ്പററിയും പൊതുമരാമത്തുമന്ത്രി ശ്രീ.ടി.എ. മജീദ് ഊന്നിപ്പറയുകയുണ്ടായി. ലേബർ കോൺട്രാക്ട്സൊസൈററികൾക്കു പണമില്ലാത്തതുകൊണ്ടു 25 ശതമാനം കൂടുതൽ അഡ്വാൻസായി കൊടുക്കാറുണ്ടെന്നും പട്ടികനിരക്കിൽ 5 ശതമാനം കുറച്ചു [illegible] കോൺട്രാക്ട് കൊടുക്കാറുണ്ടെന്നും [illegible] ജോലി ചെയ്യുന്നുള്ള [illegible], അതുപോലെ തന്നെ ന്യായമായ [illegible] വേലക്കാർക്കു [illegible]

ടസ്റ്റിമാർ

മണലിൽ യാക്കോബു കത്തനാരും ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമും

(സ്വ. പ്ര.) പുത്തൻകാവു്, ഡി.26

പുത്തൻകാവു് വലിയ പള്ളിയിൽ ഇന്നു് (വെള്ളിയാഴ്ച) മലങ്കരമെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കാ ബാവായുമായ മോറാൻ മാർ ബസ്സേലിയോസ് ദ്വിതീയൻ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മലങ്കര സുറിയാനി അസോസ്യേഷൻ കത്തനാർ ടസ്റ്റിയായി ദിവ്യശ്രീ മണലിൽ യാക്കോബുകത്തനാരെയും അയ്മേനി ടസ്റ്റിയായി ശ്രീ. ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമിനെയും ഐകകണ്ഠ്യേന തെരഞ്ഞെടുത്തിരിക്കുന്നു.

(വിശദവിവരങ്ങൾ 4-ാംപേജിൽ)

ഘാനാ പ്രതിപക്ഷകക്ഷി

അക്ര, ഡിസ. 26

ഇപ്പോൾ തങ്കലിൽ കിട [illegible] വിധേയമാക്കുന്ന [illegible]

വ്യാവസായികോൽപ്പാദനം ഗണ്യമായിവർദ്ധിപ്പിക്കാൻ

കൌൺസിൽ രൂപവൽക്കരിച്ചു

(സ്വന്തംലേഖകൻ) തിരുവനന്തപുരം, ഡിസംബർ 26

തിരുവനന്തപുരത്തുവച്ചു കൂടിയ വൻകിട വ്യവസായികളുടെ ഒരു യോഗത്തിലെ ശുപാർശ അനുസരിച്ച് ഒരു സ്റ്റേററു പ്രൊഡക്റ്റിവിററി കൗൺസിൽ സംഘടിപ്പിച്ചുകൊണ്ട് ഗവർമ്മെൻറു് ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി പ്രസ്തുത കൗൺസിലിന്റെ ചെയർമാനും കേരളത്തിലെ ഇൻസ്റ്റിററ്യൂട്ട് ഓഫ് മാനേജ്മെൻറിന്റെ പ്രസിഡണ്ടും സെക്രട്ടറിയും ആയിരിക്കുന്നതാണ്.

തിരുവിതാംകൂർ റയോൺസിലെ ശ്രീ. എ.ആർ. രാമനാഥനും, ശ്രീ. ബാലചന്ദ്രമേനോൻ എം.എൽ. എ.യും കൗൺസിലിന്റെ ഉപാദ്ധ്യക്ഷന്മാരും ശ്രീ. കെ. ശ്രീനിവാസക്കരയാളർ ഖജാൻജിയും ലേബർ കമ്മീഷണർ, വ്യവസായവാണിജ്യവകുപ്പുഡയറക്ടർ, സാങ്കേതികവിദ്യാഭ്യാസഡയറക്ടർ, ശ്രീ.എൻ. ശ്രീകണ്ഠൻനായർ, ശ്രീ. സി.എം. സ്റ്റീഫൻ, ശ്രീ.ഈ.ബാലാനന്ദൻ,ശ്രീ. എൽഡി. കിളിക്കാർ. മി. സ്റ്റൂർ, മെ. ഹസ്സൻമരയ്ക്കാർ , ഹരിദാസ് ഗോർദ്ധൻ ദാസ് (കണ്ണൂർ) കെ. ശങ്കുണ്ണി (കോഴിക്കോട്ട്) എന്നിവർ കൗൺസിൽ അംഗങ്ങളും ആയിരിക്കും. പൊതുമേഖലയിലും സ്വകാര്യമേഖലയിലുംപെട്ട എല്ലാവ്യവസായങ്ങളിലും ഉത്പാദനക്ഷമത വർദ്ധിപ്പിക്കുക. ഉത്പാദനസമ്പ്രദായങ്ങൾ, പ്രക്രിയകൾ എന്നിവ സംബന്ധിച്ച് അറിവു നൽകി ഉത്പാദനോത്തേജകമായ ഒരു മനോഭാവം വളർത്തുക, ഉത്പാദനസമ്പ്രദായപരിപാടികൾ പ്രാവർത്തികമാക്കുന്നതിൽ പ്രോത്സാഹനം നൽകുക, തൊഴിലുടമയും, തൊഴിലാളികളും തമ്മിലുള്ള സൗഹാർദ്ദബന്ധം വളർത്തുവാൻ ശ്രമിക്കുക എന്നിവയാണു പ്രസ്തുത കൗൺസിലിന്റെ പ്രധാന ലക്ഷ്യങ്ങൾ.

സോഷ്യലിസ്റ്റുമാതൃകയിലുള്ളവ്യവസ്ഥിതി അത്യന്താപേക്ഷിതം

വ്യവസായ പുരോഗതിക്ക്—ഘാനാ പ്രധാനമന്ത്രിയുടെ പ്രസ്താവന

ന്യൂഡൽഹി, ഡിസംബർ 26

ഘാനാ പ്രധാനമന്ത്രി ഡോ. ൻക്രൂമായ്ക്കു ഡൽഹി സർവകലാശാല ഇന്നു ഡോക്ടർ ഓഫ് ലറേറഴ്സ് എന്ന ഓണററി ഡിഗ്രി നൽകുകയുണ്ടായി. ഈ ബഹുമതി ബിരുദം സ്വീകരിച്ച ശേഷം ചെയ്ത പ്രസംഗത്തിൽ ഘാനാ പ്രധാനമന്ത്രി ഇപ്രകാരം പ്രസ്താവിച്ചു:—നിങ്ങൾ എനിക്കു നൽകിയിരിക്കുന്ന ബഹുമതി എന്നെ മാത്രം ഉദ്ദേശിച്ചുള്ളതല്ലെന്ന് എനിക്കറിയാം. നവോത്ഥാനം പ്രാപിച്ചിരിക്കുന്ന ആഫ്രിക്കയുടെ പ്രതീകമായി എന്നെ പരിഗണിച്ചുകൊണ്ടാണു നിങ്ങൾ ഈ ബഹുമതി എനിക്കു നൽകിയിരിക്കുന്നതു്. ഇൻഡ്യയിലെ രണ്ടു മഹാത്മാക്കളുടെ നേരെ എനിക്കുള്ള ഭക്തിബഹുമാനങ്ങൾ പ്രകടിപ്പിക്കുന്നതിനു് ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളട്ടെ. മഹാത്മാഗാന്ധി, ജവഹർലാൽനെഹ്റു എന്നിവരാണ് ഈ പ്രശസ്ത വ്യക്തികൾ. എന്റെ രാഷ്ട്രീയപ്രവർത്തനങ്ങൾക്കും ചിന്താഗതിക്കും രൂപം നൽകിയതു് ഈ മഹാന്മാരുടെ പ്രസിദ്ധീകരണങ്ങളാണ്.

ഘാനായുടെ വിദ്യാഭ്യാസപരമായ പുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനത്തിൽ സയൻസിനും ടെക്നോളജിക്കും പ്രാധാന്യം, നൽകണമെന്ന [illegible]

അരിയുടെ പരമാവധി വില

മന്നിനു പതിനഞ്ചര രൂപ മുതൽ 19 രൂപവരെയാക്കി ക്ലിപ്തപ്പെടുത്തണം

(പി.ററി.ഐ.)മദ്രാസ്, ഡിസം. 26

അരിയുടെ പരമാവധിവില ഇമ്പീരിയൽ മോണ്ടിനു 15.50 രൂപാ മുതൽ തരമനുസരിച്ചു 19 രൂപാവരെയാക്കി ഇൻഡ്യഗവർമ്മെൻറു ക്ലിപ്തപ്പെടുത്തേണ്ടതാണെന്നു മദ്രാസ് ഗവർമ്മെൻറു നിർദ്ദേശിച്ചിരിക്കുന്നു. അങ്ങനെ നിശ്ചയിച്ച പരമാവധിവിലയ്ക്കു വിധേയമായിട്ടായിരിക്കും അടുത്ത വിളവെടുപ്പിൽ നിന്നു 2 ലക്ഷം ടൺ അരി ഗവർമ്മെൻറു സംഭരിക്കുന്നതു്. ഇക്കാര്യത്തിൽ മില്ലുകൾ ഗവർമ്മെൻറുമായി സഹകരിക്കുമെന്നാണു പ്രതീക്ഷിക്കപ്പെടുന്നതു്.

അരി സംഭരിക്കുന്നതിനുള്ള ഏജൻസി ഏതായിരിക്കുമെന്ന് തീരുമാനി [illegible]

സമുദായട്രസ്റ്റിതെരഞ്ഞെടുപ്പ്.

(4-ാംപേജിൽനിന്നു തുടർച്ച)

പൗലോസ് മാർ പീലക്സീനോസ് തിരുമേനി

പിന്നീടു പൗലോസ് മാർ പീലക്സീനോസ് തിരുമേനി ചെയ്ത പ്രസംഗത്തിൽ "കാതോലിക്കാ സിംഹാസനത്തിന്റെ കീഴിൽ മലങ്കരയിലെ ഐക്യം ആചന്ദ്രതാരം നിലനിൽക്കട്ടെ"യെന്ന് ആവേശഭരിതനായി പറഞ്ഞപ്പോൾ സമ്മേളനാന്തരീക്ഷം കരഘോഷങ്ങളാൽ മുഖരിതമായി. കാതോലിക്കാസിംഹാസനത്തിന്റെ കീഴിൽ മെത്രാപ്പോലീത്തന്മാരെല്ലാം ഒന്നിച്ചു നിൽക്കയാണെന്നും, ഒരു കാരണവശാലും സമുദായത്തിൽ ഭിന്നിപ്പുണ്ടാകയില്ലെന്നും അദ്ദേഹം പ്രസ്താവിച്ചു. നമ്മുടെ സഭയിലെ ഐക്യം നിലനിർത്തുന്നതിൽ നാം ബദ്ധശ്രദ്ധരായിരിക്കുമ്പോൾ തന്നെ, ഐക്യത്തെപ്പററി കുറെക്കൂടെ വിശാലമായ അർത്ഥത്തിൽ ചിന്തിക്കേണ്ടതാണെന്നും, ഇൻഡ്യയിലെ ക്രൈസ്തവവിഭാഗങ്ങളെല്ലാം ഒരു സിംഹാസനത്തിന്റെ കീഴിൽ യോജിക്കുവാനുള്ള മാർഗ്ഗങ്ങളിൽ കൂടി നമ്മൾ പ്രവർത്തിക്കണമെന്നും അദ്ദേഹം ഉത്ബോധിപ്പിച്ചു.

ദർശനം

ഈ സമയമായപ്പോഴേയ്ക്കു പന്തലിനു പുറത്തു തടിച്ചുകൂടിയിരുന്ന അനേകായിരം ജനങ്ങൾ തിരുമേനിമാരുടെ ദർശനത്തിനുവേണ്ടി ആർത്തുവിളിക്കുവാൻ തുടങ്ങി. വേദിയിൽ നിന്നു പ്രഥമമായി പ. കാതോലിക്കാബാവാ തിരുമേനിയും പിന്നീടു മററു തിരുമേനിമാരും ഓരോരുത്തരായി പള്ളിയങ്കണത്തിന്റെ കല്പടിയിൽ വന്നു നിന്നു ദർശനം നൽകിയപ്പോൾ, ഭക്തപരവശരായ ജനങ്ങളിൽ നിന്നു നിരന്തരമായി ജയഘോഷങ്ങൾ ഉയർന്നുകൊണ്ടിരുന്നു. രോഗശയ്യാവലംബിയായിരുന്ന മാർ ക്ലീമീസ് തിരുമേനിയും ദർശനത്തിന്റെ അവസാനഘട്ടമായപ്പോഴേക്കു സമ്മേളനസ്ഥലത്തു വന്നുചേരുകയുണ്ടായി.

അതിനുശേഷം സ്വാഗതസംഘത്തിനു കൃതജ്ഞത പറഞ്ഞുകൊണ്ടു ശ്രീ. സി.എം. സ്റ്റീഫൻ ചെയ്ത പ്രസംഗത്തിൽ കാററും കോളും സംഘട്ടനങ്ങളും നിറഞ്ഞ അരശതാബ്ദക്കാലത്തെ ചരിത്രസംഭവങ്ങൾ പ്രത്യവലോകനം ചെയ്യുകയുണ്ടായി. ചരിത്രപ്രധാനമായ ഇന്നത്തെ രംഗം കാണുവാൻ കൊതിച്ചു നിരാശരായി മൺമറഞ്ഞ തലമുറകളെയും സഭാനേതാക്കളെയും അനുസ്മരിച്ചുകൊണ്ടു ശ്രീ. സ്റ്റീഫൻ ഇങ്ങനെതുടർന്നു:—ഈ അസാധാരണ രംഗം ഇന്നത്തെ തലമുറയുടെ മുൻപിലുള്ള ഒരു വെല്ലുവിളിയാണ്. സാങ്കേതികഭിന്നതകൾ മാറിക്കഴിഞ്ഞ ഇന്നെങ്കിലും വൈകാരികസംയോജനം കൈവരുത്തുവാൻ നമുക്കു കഴിയുമോ എന്നതാണ് ആ വെല്ലുവിളി. ആ വെല്ലുവിളിയെ നേരിടാൻ നമുക്കു കഴിഞ്ഞാൽ, ബുദ്ധിശക്തിയിലും ധനശക്തിയിലും മുൻപന്തിയിൽ നിൽക്കുന്ന പത്തുലക്ഷം ജനങ്ങളുടെ സംയോജിപ്പോടുകൂടി കേരളത്തിൽ അജയ്യമായ ഒരു മഹാശക്തി പിടിച്ചെഴുന്നേൽക്കുകയായിരിക്കും."

സ്വാഗതസംഘാദ്ധ്യക്ഷൻ ശ്രീ.കെ. എൻ.ചാക്കോയുടെ കൃതജ്ഞതാപ്രകടനത്തിനു ശേഷം പ്രാർത്ഥനയോടുകൂടി സമ്മേളനം സമംഗളം പര്യവസാനിച്ചു.

പള്ളിപ്രതിപുരുഷന്മാർക്കു പാസ്സുകൾ വിതരണം ചെയ്യുന്നതിലും ഭക്ഷണസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും, സീററുകൾ ക്രമീകരിക്കുന്നതിലും മനോഹരമായ ഒരു പന്തൽ നിർമ്മിക്കുന്നതിലും പൂർണ്ണമായി വിജയിച്ച ഭാരവാഹികൾ തികച്ചും അഭിനന്ദനാർഹരാണ്.

സാംസ്ക്കാരിക

വിദ്യാർത്ഥികൾ സർക്കാർഫാക്ടറികളിൽ ജോലി ചെയ്യണം

(റോയിട്ടർ) മോസ്കോ, ഡിസം.24

സോവിയററു റഷ്യയിൽ പുതുതായി ആവിഷ്ക്കരിച്ചിരിക്കുന്ന സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതിയനുസരിച്ചു് വിദ്യാർത്ഥികൾ സർക്കാരുടമയിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ ജോലി ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

ഇതു് ഇളംപ്രായക്കാരെക്കൊണ്ടു് വേലയെടുപ്പിക്കാനുള്ള പദ്ധതിയല്ലെന്നും, വിദ്യാർത്ഥികളെ ശരിയായ രീതിയിൽ വളർത്തിക്കൊണ്ടു വരാൻ വേണ്ടി മാത്രമാണെന്നും സുപ്രീം സോവിയററ് അവകാശപ്പെടുന്നു. വിദ്യാലയത്തെയും ജീവിതത്തെയും തമ്മിൽ ബന്ധിക്കാനുള്ള പരിപാടിയാണിതെന്നാണ് ഒരു വിദഗ്ദ്ധന്റെ വിശദീകരണം.

റിപ്പബ്ളിക്ക് ദിനം

ശമ്പളത്തോടു കൂടിയ ഒഴിവുദിവസം

ന്യൂഡൽഹി, ഡിസം. 25

കേന്ദ്ര തൊഴിൽ കാര്യവകുപ്പ് നൽകിയ നിർദ്ദേശങ്ങളുടെ ഫലമായി മുൻ കൊല്ലങ്ങളിൽ ശമ്പളം നഷ്ടപ്പെടാതെതന്നെ, തൊഴിലാളികൾക്കു ജനുവരി 26-ാംനു റിപ്പബ്ളിക്ക് ദിനാഘോഷങ്ങളിൽ പങ്കെടുക്കാൻ സൗകര്യം ലഭിക്കയുണ്ടായി.

ഇക്കൊല്ലവും ഗവർമ്മെൻറിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളിലെ ഭരണാധികാരികൾക്ക് ഇത്തരമൊരു നിർദ്ദേശം ഇൻഡ്യാ ഗവർമ്മെൻറു് നൽകിയിട്ടുണ്ട്. മററു തൊഴിലുടമകളും ഈ ദിവസം ശമ്പളത്തോടുകൂടിയ ഒഴിവുദിവസമായി പ്രഖ്യാപിക്കണമെന്നു ഗവർമ്മെൻറ് കരുതുന്നു.

ജനുവരി 26 ന്റെ പ്രാധാന്യത്തെ പരിഗണിച്ച് പല വ്യവസായസ്ഥാപനങ്ങളും ഇതിനകം തന്നെ അതു് ഒരു ഒഴിവുദിവസമാക്കിയിട്ടുണ്ട്. അങ്ങനെ ചെയ്യാത്ത സ്ഥാപനങ്ങളും അതു ശമ്പളത്തോടുകൂടിയ ഒരു ഒഴിവുദിവസമായി പ്രഖ്യാപിക്കുമെന്നു ഗവർമ്മെൻറു് വിശ്വസിക്കുന്നു.

കാഷ്മീർ പ്രശ്നം

ജനറൽ അയ്യൂബ് ഹിതപരിശോധനാവാദം ആവർത്തിക്കുന്നു

കറാച്ചി, ഡിസ. 26

കാഷ്മീരിന്റെ ഭാവി നിർണ്ണയിക്കാൻ പ്ളബിസൈററു നടത്താമെന്നുള്ള വാഗ്ദാനം നിറവേററണമെന്നു മാത്രമാണു പാക്കിസ്ഥാൻ ഇൻഡ്യയോടു് ആവശ്യപ്പെടുന്നതെന്നു പ്രസിഡണ്ടു ജനറൽ അയ്യൂബ് ഖാൻ പ്രസ്താവിച്ചിരിക്കുന്നു. 11 വർഷം മുൻപാണ് ഇൻഡ്യയുടെ ഈ വാഗ്ദാനമുണ്ടായതെന്നും അദ്ദേഹം പ്രസ്താവിച്ചു. ജനറൽ അയ്യൂബ് ഖാൻ ഇപ്രകാരം തുടർന്നു:—നമ്മുടെ ക്ഷമയ്ക്കു് ഒരു അതിരുണ്ട്. ഇൻഡ്യയുടെ അധീനത്തിൽ സ്ഥിതി ചെയ്യുന്ന കാഷ്മീരിലെ നമ്മുടെ സഹോദരങ്ങൾ ഭീകരഭരണം മൂലം ദുരിതമനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇതിനെപ്പററി എത്രനാൾ മൗനം ദീക്ഷിക്കാൻ നമുക്കു സാധിക്കും. 80000 വരുന്ന ഒരു സൈന്യത്തിന്റെയും ഒരു വലിയ സംഘം പോലീസിന്റെയും സഹായത്തോടുകൂടിയാണ് ഇൻഡ്യ ഇന്നു കാഷ്മീർ കൈവശം വച്ചു കൊണ്ടിരിക്കുന്നതു്. ക്ഷമയോടുകൂടിയിരിക്കാൻ ഞാൻ കാഷ്മീരിലെ ജനങ്ങളോടഭ്യർ [illegible]

മാർഷൽചൂ-ടെചെയർമാൻ സ്ഥാനത്തേക്ക്

പാക്കിസ്ഥാൻ പ്രതിനിധി അധികാരപത്രംസമർപ്പിച്ചു

പീക്കിംഗ്, ഡി. 26

പീക്കിംഗിലെ പുതിയ പാകിസ്ഥാൻ സ്ഥാനപതി ചൈനീസ് റിപ്പബ്ളിക്ക വൈസ്ചെയർമാൻ മാർഷൽചൂ-ടെയുടെ പക്കൽ അധികാരപത്രം സമർപ്പിച്ചതായി പ്രായേണ വിശ്വാസയോഗ്യമായ കേന്ദ്രങ്ങൾ പ്രസ്താവിച്ചിരിക്കുന്നു. ഇതു മാർഷൽ ചൂ-ടെ മാവോയുടെ അനന്തരഗാമിയായിത്തീരുമെന്ന അഭ്യൂഹത്തെ പ്രബലപ്പെടുത്തുന്ന ഒരു വാർത്തയായി പരിഗണിക്കപ്പെടുന്നു.

കോട്ടയം

(സ്വ.റി.) ഡി. 27

മുണ്ടക്കപ്പാടം അഗതിമന്ദിരം ജൂബിലിസമ്മേളനത്തിൽ സംബന്ധിക്കുന്നതിലേക്കായി കേന്ദ്രഡപ്യൂട്ടി ഭക്ഷ്യമന്ത്രി ശ്രീ. എ.എം.തോമസ് ഇന്നു് ഇവിടെ എത്തുന്നതും നാളെ തിരിയെപ്പോകുന്നതുമാണ്.

ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ലേബർ ട്രിബ്യൂണൽ മി. പി. ശങ്കുപ്പിള്ള തിങ്കളാഴ്ചമുതൽ 3 ദിവസം ഇവിടെ ക്യാമ്പുചെയ്തുകൊണ്ടു കേസ്സുകൾ കേൾക്കുന്നതായിരിക്കും.

ഈ ആഴ്ച കാർഡൊന്നുക്കു ഇടങ്ങഴി അരിവീതം വിതരണം ചെയ്യുന്നതിലേക്കു താലൂക്കിൽ നിന്നും ന്യായവിലവ്യാപാരികൾക്ക് അതോർട്ടി നൽകിയിരിക്കുന്നു.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന ജനങ്ങളെ സംബന്ധിച്ച സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിലേക്കായി നിയുക്തമായിട്ടുള്ള എൻക്വയറി കമ്മിററി ഇന്നു് എറണാകുളത്തു നിന്നും ഇവിടെ എത്തുന്നതാണ്.

പള്ളം എൻ.ഇ.എസ്. ബ്ളോക്ക അഡൈ്വസറിക്കമ്മിററിയുടെ ഒരു യോഗം ഡിസംബർ 30-ാംനു കൂടുന്നതാണ്.

ആനിക്കാട്ടു ഭാഗത്തുള്ള ഒരു വീട്ടിൽ നിന്നും പാമ്പാടി എക്സൈസ് ഇൻസ്പെക്ടർ മി. കെ.ബി. എം. ഹനീഫും പാർട്ടിയും കൂടി നടത്തിയ മിന്നൽ പരിശോധനയുടെ ഫലമായി വ്യാജവാററുചാരായം കണ്ടെടുത്തു കേസ്സെടുത്തിരിക്കുന്നു.

കോട്ടയം ഡി.സി.സി. എക്സിക്യൂട്ടീവ് കമ്മിററി

കോട്ടയം, ഡിസ. 26

കോട്ടയം ഡിസ്ട്രിക്ട് കോൺഗ്രസ് എക്സിക്യൂട്ടീവ് കമ്മിററിയുടെ ഒരു യോഗം നാളെ രാവിലെ പത്തുമണിക്കു ജനറൽസെക്രട്ടറി ശ്രീ.പി. ററി. ചെറിയാന്റെ വസതിയിൽവച്ചു കൂടുന്നതാണ്.

ചർച്ചാസമ്മേളനം

കോട്ടയം, ഡിസ. 27

നാളെ (ഞായറാഴ്ച) വൈകുന്നേരം 5.30-നു് ആർട്സ് ക്ലബ്ബിൽ വച്ചു കൂടുന്ന ചർച്ചാസമ്മേളനത്തിൽ പ്രസിദ്ധ ഗാന്ധിയനും തത്വശാസ്ത്രജ്ഞനും വിനോബാജിയുടെ സന്തതസഹചാരിയുമായ ശ്രീ ദാദാധർമ്മാധികാരി, ശ്രീമതി വിമലാഠക്കർ എന്നിവർ പ്രസംഗിക്കുന്നതാണ്. ഗാന്ധിയൻ ആദർശങ്ങളിലും സർവോദയപ്രവർത്തനങ്ങളിലും താൽപ്പര്യമുള്ളവരെല്ലാം ഈ സമ്മേളനത്തിൽ സംബന്ധിക്കണമെന്നും ചർച്ചകളിൽ പങ്കുകൊള്ളണമെന്നും യോഗഭാരവാഹികൾ അറിയിക്കുന്നു.

സംയുക്തസമ്മേളനം

കോട്ടയം, ഡിസ. 26

കോട്ടയം, ആലപ്പുഴ ജില്ലാ-വർക്ക് എസ്റ്റാബ്ളിഷ്മെൻറു് പ്രൊവിഷനൽ ജീവനക്കാരുടെ സംയുക്തസമ്മേളനം കോട്ടയം മാമ്മൻ മാപ്പിള മെമ്മോറിയൽ ഹാളിൽ വച്ചു ജനുവ [illegible]

തലസ്ഥാനവാർത്തകൾ

അവധി

റവന്യൂബോർഡ് അസി. സെക്രട്ടറി ശ്രീ വി.ജെ.സഖറിയായ്ക്കു ഡിസംബർ 22-ാംനു മുതൽ ഒരു മാസത്തേക്ക് അവധി അനുവദിച്ചിരിക്കുന്നു. വെയിററു് ആൻഡ് മെഷർ കംപ്ട്രോളർ ശ്രീ ററി.പി. കൃഷ്ണൻ നായർ പകരം അസി. സെക്രട്ടറിയുടെ ചാർജ് കൂടി വഹിക്കുന്നതായിരിക്കും.

ക്യാമ്പുകോടതി

തലശേരി ഡി. മജിസ്ട്രേട്ട രണ്ടാഴ്ചയിലൊരിക്കൽ മൂന്നോ നാലോ ദിവസം കാസർകോഡു് വച്ചു ക്യാമ്പു കോടതി കൂടുന്ന ഏർപ്പാട്ടു ജനുവരി 15-ാംനു മുതൽ ഒരു മാസത്തേക്കു കൂടി തുടരുവാൻ അനുവദിച്ചിരിക്കുന്നു.

പെൻഷൻ പേമാസ്റ്റർ

തിരുവനന്തപുരം പെൻഷൻ പേമാസ്റ്റർ ശ്രീ കെ.വി.ജി. വാര്യർ ജനുവരി2-ാംതീയതി 7-ാംനു വരെ തിരുവനന്തപുരത്തും 9-ാംനു നെയ്യാററിൻകരയും 10-ാംതീയതി തക്കലയും 12, 13 എന്നീ തീയതികളിൽ കോട്ടയത്തും 16-ാംതീയതി തിരുവല്ലായിലും 17-ാംതീയതി മാവേലിക്കരയിലും 19-ാംതീയതി ആലപ്പുഴയിലും 20, 21 തീയതികളിൽ എറണാകുളത്തും 22-ാംതീയതി തൃശ്ശൂരിലും 23-ാംതീയതി ഇരിങ്ങാലക്കുടയിലും ക്യാമ്പുചെയ്തു മിലിററി പെൻഷൻ വിതരണം ചെയ്യുന്നതാണ്.

ബി. എസ്. എസ്. ക്യാമ്പു സന്ദർശിച്ചു

(പ്ര. ലേ.)കോട്ടയം, ഡിസ. 27

ഭാരത്സേവക് സമാജത്തിന്റെ ആഭിമുഖ്യത്തിൽ മുട്ടമ്പലത്തു നടന്നുവരുന്ന വനിതാക്യാമ്പ് ഇന്നലെ ആസാം വനവർഗ്ഗസംരക്ഷണ മന്ത്രി മി. വില്യംസൺ സൻഗമ സന്ദർശിച്ചിരിക്കുന്നു. പ്രശസ്താതിഥിയെ ചീഫ് ക്യാമ്പ് ആപ്പീസർ ശ്രീമതി എൻ. അമ്മിണി അമ്മാൾ, ബി. എസ്. എസ്. ഡിസ്ട്രിക്ട് ഓർഗനൈസർ ശ്രീ. കെ. എ ചിദംബരൻപിള്ള എന്നിവർ സ്വീകരിച്ചു. ക്യാമ്പംഗങ്ങളെ അഭിമുഖീകരിച്ചുകൊണ്ടു മി. സൻഗമ ഒരു പ്രസംഗം ചെയ്തു.

മി. സൻഗമയെ ആസാമിലെ ഒരു എം എൽ. എ. ആയ മി. ഇ. സി. മോമിനും, ഗിരിവർഗ്ഗനേതാക്കളായ ലാംഗ്തനായും, ടേഴ്സനും അനുഗമിച്ചിരുന്നു. പ്രശസ്താതിഥികൾ ക്യാമ്പിന്റെ പ്രവർത്തനത്തിൽ അഭിനന്ദനം രേഖപ്പെടുത്തി.

കട്ടനാട് വ്യവസായ ബന്ധക്കമ്മിററി

പുനഃസംഘടിപ്പിച്ചു

(സ്വ.ലേ)തിരുവനന്തപുരം.ഡിസം.26

കുട്ടനാട്ട് ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിററി താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പുനഃസംഘടിപ്പിച്ചിരിക്കുന്നു.

കർഷക പ്രതിനിധികൾ:—

1. കുട്ടനാട്ട് കർഷകസംഘം പ്രസിഡണ്ട് ഡോ. എം. കെ. ആൻറണി, 2. കുട്ടനാട്ട് കർഷകസംഘം (കോട്ടയം) പ്രസിഡണ്ട് ശ്രീ വി. ഒ. എബ്രഹാം, 3. ഹരിപ്പാട്ട്, വിജയപുരം കർഷകസംഘം വൈസ്പ്രസിഡണ്ട് ശ്രീ കെ. പി. രാമകൃഷ്ണൻ, 4. മങ്കൊമ്പ് കെ. പി. കൃഷ്ണയ്യർ, 5. ചൂരച്ചിറ്റപ്പറമ്പിൽ ശ്രീ സി. കെ. ജോസഫ്.

തൊഴിലാളി പ്രതിനിധികൾ:- 1. കട്ടനാട്ട് തൊഴിലാളിസംഘം പ്രസിഡണ്ട് ശ്രീ എസ്. കെ. ദാസ്, 2. തിരുവാർപ്പ് കർഷകസംഘം തൊ [illegible]

വ്യാപാരനിലവാരം

ആലപ്പുഴ

(ക്ലോസിംഗ് മാർക്കററ്)
(സ്വന്തംലേഖകൻ)ഡിസമ്പർ26

	രൂ.	ന.പ.
വെളിച്ചെണ്ണ	642	50
പിണ്ണാക്ക്	107	50
എണ്ണ ജനുവരിഅവധി	630	0
എണ്ണ ഫെബ്റുവരിഅവധി	615	0
കൊപ്രാ പുകരാശി	450	0
കൊപ്രാ തെളിവ്	455	0
കുരുമുളക പാലാ	512	50
ടി തെക്കൻ	500	0
ചുക്ക്	225	0
മഞ്ഞൾ	100	0
തങ്കം	115	50
പവൻ	75	0
സ്വർണ്ണം	73	0
വെള്ളി	193	0
ചില്ലറ	1	94
കയർ അഞ്ചുതെങ്ങ്	275	0
ടി ആലപ്പാടൻ	220	0
ടി ആറാട്ടുപുഴ	265	0
ടി അഷ്ടമുടി	250	0
ടി മങ്ങാടൻ	260	0

കുറുപ്പംപടി

ഡിസമ്പർ 23

പുൽത്തൈലം	57	0

ബോംബെ

(പി. ററി. ഐ.) ഡി. 26

വെള്ളി	193	9
തങ്കം	115	0
പവൻ	73	0

തൃശ്ശൂർ

(സ്വ.ലേ.) ഡിസംബർ 26

	രൂ.	ന. പ.
വെളിച്ചെണ്ണ	645	50
പിണ്ണാക്ക്	112	50
കൊപ്രാ	440	0
കുരുമുളക്	490	0
തങ്കം	115	0
പവൻ	74	0
വെള്ളി ചില്ലറ	1	94
അരി	45	0
പഞ്ചസാര	111	0
ഉണക്കകപ്പ പുതിയതു്	50	0
പച്ചക്കപ്പ	17	50
അടയ്ക്കാ വാഴക്കുളം അയിലാൻ 4000തൊലകെട്ടൊന്നുക്കു്	255-287	0
ടി തെക്കൻ ചിത്തനം	270-290	0
ടി അയിലാൻ	215-235	0
ടി എരശൽ	280-300	0
ടി വെള്ളാഴിച്ചൂർ 1500 തൊല തൂലാം ഒന്നുക്ക്	90-102	0
ടി കളിച്ചൂർ	100—107	0

കൊച്ചി

(സ്വ.ലേ) ഡിസംബർ 24

വെളിച്ചെണ്ണ തയ്യാർ	642	0
ടി ഡിസംബർ അവധി	636	0
ടി ജനുവരി അവധി	626	0
പിണ്ണാക്ക്	110	0
നാളികേരം 1000-നു്	200	0
മപ്പേംറം	220	0
കൊപ്രാ	425	0
കുരുമുളക്	521	25
പുൽത്തൈലം	49	50
ചുക്ക് ഒന്നാംതരം	265	0
ടി രണ്ടാംതരം	245	0
മഞ്ഞൾ	102	50
കാഞ്ഞിരക്കുരു	130	0
കയർ നേരിയതു്	225	0
ടി മങ്ങാടൻ	255	0
ടി വയ്ക്കൻ	130	0
തങ്കം	114	50
പവൻ	75	0
വെള്ളി	190	0

കാറപകടത്തിൽപെട്ടു 3 പേർ മരിച്ചു

തീർത്ഥയാത്രാ വേളയിലുണ്ടായ അത്യാഹിതം

(സ്വ.ലേ) തിരുവനന്തപുരം, ഡി. 26

പാളയംകോട്ടു വച്ച് ഒരു കാറപകടത്തിൽ പെട്ടു മൃതിയടഞ്ഞ കെ.എം.കെ.എസ്. ബസ്സ് ഉടമസ്ഥൻ ശ്രീകുഞ്ഞുരാമൻമുതലാളിയുടേയും മററു രണ്ടുപേരുടേയും മൃതശരീരങ്ങൾ പാളയംകോട്ട നിന്ന് ഇവിടെ കൊണ്ടുവന്ന് അവരുടെ സ്വദേശത്തേയ്ക്കു ശവസംസ്ക്കാരത്തിനായി കൊണ്ടുപോയിരിക്കുന്നു. തിരുവനന്തപുരത്തുനിന്നു തീർത്ഥയാത്രയ്ക്കായി തിരിച്ചെന്തൂർക്കു യാത്ര ചെയ്യുന്ന ഇടയിലാണ് ഒരു ലോറിയുമായി മുട്ടി ഈ അത്യാഹിതം സംഭവിച്ചതു്.

മരിച്ച 3 പേർക്കു പുറമെ കാർഡ്രൈവർ ഉൾപ്പെടെ 4 പേർ പാളയംകോട്ട ആശുപത്രിയിൽ ഗുരുതരമായ പരിക്കുകൾക്കു ചികിത്സയിലിരിക്കുകയാണ്.

പി.എസ്.പി.യുടെ ഭക്ഷ്യസമരം

ഇന്നലെ 14 പേരെ അറസ്റ്റു ചെയ്തു

(സ്വ.ലേ) തിരുവനന്തപുരം, ഡി. 26

ഭക്ഷ്യധാന്യ വിലക്കയററത്തിന്റെ നേരെ കേരളസർക്കാരിന്റെ അലസമായ നയത്തിനെതിരായി തിരുവനന്തപുരത്തു നടന്നുവരുന്ന സമരം സംബന്ധിച്ച് ഇന്നു നിയമലംഘനം നടത്തിയ 14 പി. എസ്. പി. പ്രവർത്തകരെ അറസ്റ്റു ചെയ്തിരിക്കുന്നു. ഇന്നു രാവിലെ പൂവാർ ലോക്കൽക്കമ്മിററിയുടെ നേതൃത്വത്തിൽ പഴവങ്ങാടി മൈതാനത്തുനിന്നും തിരിച്ച ഗംഭീരമായ ജാഥ മെയിൻറോഡിലൂടെ പ്രകടനം നടത്തി സെക്രട്ടറിയേററു നടയിൽ എത്തിച്ചേർന്നു. സെക്രട്ടറിയേററു നടയിൽ സന്നിഹിതരായിരുന്ന പോലീസ്, ഡിസ്ട്രിക്ട ഷേരിയെ ലാക്കാക്കി സെക്രട്ടറിയേററു വളപ്പിൽ പ്രവേശിക്കുവാൻ ശ്രമിച്ച ജാഥാംഗങ്ങളെ തടയുകയും തുടർന്നു രണ്ടു പേർ വീതം 7 ബാച്ചുകളിലായി 14 പേർ പിക്കററു ചെയ്യുകയും അവരെ പോലീസ് അറസ്റ്റു ചെയ്യുകയുമുണ്ടായി. ആഴ്ചയിൽ രണ്ടിടങ്ങഴി അരി ഞങ്ങൾക്കു പോരാ, ഭക്ഷ്യധാന്യ വിലക്കയററം തടയുക, തുടങ്ങിയ മുദ്രാവാക്യങ്ങളാണ് അവർ മുഴക്കിയിരുന്നതു്.

ഖാദി ഗ്രാമ വ്യവസായ പ്രദർശനം

(സ്വ.ലേ) തിരുവനന്തപുരം, ഡി. 26

കേരള ഖാദി വ്യവസായ ബോർഡിന്റെ കോഴിക്കോട്ട റീജിയണൽ അഡൈ്വസറിക്കമ്മിററിയുടെ ആഭിമുഖ്യത്തിൽ ശ്രീകണ്ഠേശ്വരക്ഷേത്രത്തിലെ ഉൽസവത്തോടനുബന്ധിച്ച് കോഴിക്കോട്ട സ്റ്റേഡിയം ഗ്രൗണ്ടിൽ വച്ച് ഒരു ഖാദി-ഗ്രാമവ്യവസായ പ്രദർശനം നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും 1-3-1959-ൽ ആരംഭിക്കുന്ന പ്രദർശനം 10 ദിവസം നീണ്ടുനിൽക്കുന്നതാണെന്നും പ്രദർശന നടത്തിപ്പിലേയ്ക്കു വേണ്ടി ഖാദിബോർഡു മെമ്പർ ശ്രീ. കെ. കേളപ്പൻ പ്രസിഡണ്ടായും കോഴിക്കോട്ട ഡിസ്ട്രിക്ട് ഇൻഡസ്ട്രീസ് ഓഫീസർ എക്സ് ഒഫീഷ്യോ സെക്രട്ടറിയായും ഒരു പ്രദർശനക്കമ്മിററി രൂപവൽക്കരിച്ചിട്ടുണ്ടെന്നും ബോർഡുസെക്രട്ടറി അറിയിക്കുന്നു.

കഥാപ്രസംഗം

By ശ്രീ കെ.കെ. തോമസ് B.A.L.T.

സ്പോർട്ടിംഗ്

കേരളാ ട്രാൻസ്പോർട്ടിന്റെ വിജയം

മധുര നാഷനൽക്ളബ്ബിനെ പരാജയപ്പെടുത്തി

(സ്വന്തംലേഖകൻ)തിരുവനന്തപുരം, ഡിസംബർ 26

ഇന്നു നടന്ന കേരളാ ട്രോഫി ഫുട്ബോൾ മത്സരത്തിൽ ഒരു ഗോളിനെതിരായി 4 ഗോളുകൾ നേടിക്കൊണ്ടു് കേരളാ ട്രാൻസ്പോർട്ട് മധുര നാഷനൽ ക്ലബ്ബിനെ പരാജയപ്പെടുത്തിയിരിക്കുന്നു.

കളി തുടങ്ങി 29-ാമത്തെ മിനിട്ടിനുള്ളിൽ മധുര നാഷനൽക്ലബ്ബിനുവേണ്ടി ജഗന്നാഥ് ഒരു ഗോൾ നേടിക്കഴിഞ്ഞിരുന്നു. വിശ്രമത്തിനുശേഷം ട്രാൻസ്പോർട്ടു ടീം അവരുടെ സർവ കഴിവുകളും ഉപയോഗിച്ചു പോരാടുവാൻ തുടങ്ങി. ഹാഫ്ടൈമിനു ശേഷമുള്ള 19-ാമത്തെ മിനിട്ടിൽ ട്രാൻസ്പോർട്ടിനു വേണ്ടി ജോർജ്ജ് ഒരു ഗോൾ നേടി മൽസരത്തെ സമനിലയിലാക്കി. ഇതിനു ശേഷം ഇരുകക്ഷികളും ഉൽസാഹത്തോടെ മുന്നേറി പോരാടുവാൻ തുടങ്ങി. 26-ാമത്തെ മിനിട്ടിൽ ഡിക്ലാസ് ഒരു ഗോൾ നേടിയതോടെ വിജയികളായവരുടെ മുതൽക്കൂട്ടൽ ആരംഭിച്ചു. കളിയുടെ അവസാന നിമിഷത്തിൽ ബാക്കി രണ്ടു ഗോളുകളും ഡിക്ലാസ് തന്നെയാണെടുത്തതു്. വിജയികളുടെ പ്രതിരോധനിര സുരക്ഷിതമായിരുന്നതുകൊണ്ടു മധുരയുടെ പയററുകളൊന്നും ഫലിച്ചില്ല.

കാഷ്മീർ പ്രധാനമന്ത്രി ഡൽഹിയിൽ

ന്യൂഡൽഹി; ഡിസ. 26

ഇവിടെ എത്തിയ കാഷ്മീർ പ്രധാനമന്ത്രി മി. ബക്ഷി ഗുലാം മുഹമ്മദ് ഒന്നു രണ്ടു ദിവസത്തിനകം ശ്രീനഗറിലേക്കു മടങ്ങുന്നതാണ്. ഇവിടെ വച്ചു രോഗബാധിതനായിത്തീർന്ന അദ്ദേഹത്തിനു ഇപ്പോൾ സുഖമുണ്ട്.

സ്വീകരണം

(സ്വ.ലേ) പെരുമ്പാവൂർ, ഡിസ. 26

കോൺഗ്രസ് സേവാദളത്തിന്റെ ദക്ഷിണമേഖലാ ഓർഗനൈസർ ശ്രീ എസ്.എൻ. സുബ്ബറാവുവിനു തോട്ടുവാക്കവലയിൽവച്ച് ഒരു സ്വീകരണം നൽകിയിരിക്കുന്നു. പതാകവന്ദനം, പരേഡ് എന്നിവയ്ക്കു ശേഷം അദ്ദേഹം സന്നദ്ധഭടന്മാർക്ക് ഒരു ക്ലാസ് എടുക്കുകയുണ്ടായി. കമാൻഡർ ശ്രീ. വി.കെ. ജേക്കബ് സ്വാഗതവും, ശ്രീ. എൻ.വി. ജോസഫ് കൃതജ്ഞതയും പറഞ്ഞു.

സൺഡേസ്ക്കൂൾ അധ്യാപക ധ്യാനയോഗം

വടവാതൂർ ഡി. 2

മലങ്കര സിറിയൻ സൺഡേസ്ക്കൂൾ കോട്ടയം സെൻററിലെ സൺഡേസ്ക്കൂൾ അദ്ധ്യാപകരുടെ വാർഷിക ധ്യാനയോഗം ജനുവരി 1-ാംനു വൈകിട്ട് ആറു മണി മുതൽ 3-ാംനു രാവിലെ എട്ടരമണിവരെ മണർകാട്ട് സെൻറു് മേരീസ് പള്ളിയിൽവച്ച് നി. വ. ദി. ശ്രീ. പൗലൂസ് മാർ പീലക്സീനോസ് തിരുമനസ്സിലെ സാന്നിദ്ധ്യത്തിലും വ. ദി. ശ്രീ. മോശ സലാമ റമ്പാച്ചന്റെ പ്രധാന നേതൃത്വത്തിലും നടക്കുന്നതാണ്. 3-ാംനു ശനിയാഴ്ച 10 മണി മുതൽ വാർഷിക യോഗവും റമ്പ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടക്കുന്നതാണ്.

മോസ്കോയിൽനിന്നു മന്നയിലേക്ക്
സംഗീതനാടകം.
1958 ഡിസംബർ 27-ാംനു രാത്രി 9-നു്
കോട്ടയം മാമ്മൻമാപ്പിള ഹാളിൽ
കേന്ദ്ര ഡെ. മന്ത്രി ശ്രീ. എ. എം. തോമസ്സ് ഉൽഘാടനം ചെയ്യുന്നു.

OPENING TODAY!
for the convenience of its numerous clients
INDIA BOOK HOUSE
is happy to announce the opening today
of their wholesale Showroom at:
XXIV/335, Round West, Trichur.

Sole Distributors: Signet, Mentor, Dell, Popular Library, Pyramid, Crest, Premier, Fawcett, Bantam, Wonder, Ace, Avon, Classics Illustrated and Pearl Publications.

Stockists of all leading British Paper-

സമുദായ ട്രസ്ററി തെരഞ്ഞെടുപ്പ്

ദിവ്യശ്രീ മണലിൽ യാക്കോബ് കത്തനാരെയും ശ്രീ ഉപ്പൂട്ടിൽ കര്യൻ എബ്രഹാമിനെയും ഐകകണ്ഠ്യേന തെരഞ്ഞെടുത്തു

മലങ്കര സിറിയൻക്രിസ്ത്യൻ അസോസ്യേഷൻ സമ്മേളനം സമംഗളം പര്യവസാനിച്ചു—സമ്മേളന നഗറിലെ ഹൃദയസ്പൃക്കായ രംഗങ്ങൾ— പ: കാതോലിക്കാബാവാതിരുമേനിയുടെ ഉജ്ജ്വലമായ പ്രസംഗം

(സ്റ്റാഫ് പ്രതിനിധി) പുത്തൻകാവു്, ഡിസംബർ 26

ഇന്നിവിടെ സമ്മേളിച്ച മലങ്കര സിറിയൻക്രിസ്ത്യൻ അസ്സോസിയേഷൻ സമുദായ ട്രസ്റ്റിസ്ഥാനങ്ങളിലേക്കു് കത്തനാർട്രസ്റ്റിയായി ദിവ്യശ്രീ മണലിൽ യാക്കോബ് കത്തനാരെയും, അയ്മേനി ട്രസ്റ്റിയായി ഉപ്പൂട്ടിൽ ശ്രീ കര്യൻഎബ്രഹാമിനെയും ഐകകണ്ഠ്യേന തെരഞ്ഞെടുത്തിരിക്കുന്നു.



തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റികൾ—ദിവ്യശ്രീ മണലിൽ യാക്കോബുകത്തനാരും, ഉപ്പൂട്ടിൽ ശ്രീ കര്യൻ എബ്രഹാമും. പ. കാതോലിക്കാബാവാ തിരുമേനിയേയും ചിത്രത്തിൽകാണാം.

പുത്തൻകാവു വലിയപള്ളി അങ്കണത്തിൽ ഒരു പുത്തൻ യുഗത്തിൻെറ മണിവേദിയെന്നവണ്ണം പുതുമോടിയണിഞ്ഞു നിന്ന മൂന്നുനിലപ്പന്തൽ സൗഹാർദ്ദത്തിൻെറയും സമാധാനത്തിൻെറയും നർത്തനരംഗമായിരുന്നു. അരശതാബ്ദത്തിൽപരം കാലം നിലനിന്നിരുന്ന നിരന്തരമായ ഉഗ്രസമരത്തിൻെറ അന്ധകാരമയമായ അന്തരീക്ഷത്തിൽ ദിവ്യമായ താരണപ്രഭ വീശി. എവിടെയും ആഹ്ളാദം, മന്ദസ്മിതം, എവിടെയും സൗഹാർദ്ദം നിറഞ്ഞ കുശലാന്വേഷണങ്ങൾ. പുത്തൻകാവു പ്രദേശം തന്നെ ഒരു സമാധാന നഗരമായി മാറി. ആയിരമായിരം മുഖങ്ങളിൽ ആഹ്ളാദം കളിയാടുന്നു. കൃത്യം ഒന്നേകാൽമണിയായപ്പോഴേയ്ക്കു മലങ്കരയുടെ വിവിധഭാഗങ്ങളിലുള്ള പത്തുലക്ഷം സുറിയാനിക്രിസ്ത്യാനികളുടെ രണ്ടായിരത്തഞ്ഞൂറോളം പ്രതിനിധികൾ പന്തലിൽ ഓരോ ഭദ്രാസനങ്ങൾക്കായി വേർതിരിച്ചിരുന്ന പ്രത്യേകം സീററുകളിൽ ഇരുപ്പുറപ്പിച്ചു കഴിഞ്ഞു. പ്രശാന്തമായ പതിനഞ്ചു മിനിററു പിന്നെയും കഴിഞ്ഞുപോയി. അതിനിടയ്ക്കു ഭാരവാഹികളുടെ അഭ്യർത്ഥനയെ മാനിച്ചുകൊണ്ടു് പ്രതിനിധികളല്ലാത്ത ആളുകൾ പന്തൽപരിസരങ്ങളിൽ നിന്നു പിന്മാറി. പള്ളിപ്രതിപുരുഷന്മാർ സമുദായത്തിൻെറ കത്തനാർട്രസ്റ്റിയേയും അയ്മേനിട്രസ്റ്റിയേയും തെരഞ്ഞെടുക്കുവാൻ സന്നദ്ധരായി തികഞ്ഞ ഉത്തരവാദഭാരത്തോടെ നിശ്ശബ്ദരായിരുന്നു. ഒന്നരമണിയായപ്പോൾ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി വലിയപള്ളിയിൽനിന്നു സമാധാനം പന്തലിലേക്കു പ്രവേശിച്ചു. നവോത്ഥാനം ചെയ്ത സഭയുടെ ദിവ്യപ്രഭാപൂരം ചൊരിയുന്ന ആ അഭിവന്ദ്യ രാജർഷിയുടെ ദർശനമാത്രയിൽ എല്ലാവരും ഭക്തിപൂർവം എഴുന്നേററുനിന്നു. അദ്ദേഹം മണിവേദികയിലേക്കു് എഴുന്നെള്ളി അതിനെത്തുടർന്നു മററു തിരുമേനിമാരും വേദികയിൽ പ്രവേശിച്ചു. പ. കാതോലിക്കാബാവാ തിരുമേനി ഭക്തിനിർഭരമായ ശബ്ദത്തിൽ പ്രാർത്ഥന നടത്തിയപ്പോൾ സദസ്സ് ആദ്ധ്യാത്മിക ഹർഷപാരവശ്യത്താൽ പുളകമണിഞ്ഞു.

തെരഞ്ഞെടുപ്പ്

പ്രശാന്തഗംഭീരമായ സദസ്സിനെ അഭിസംബോധനചെയ്തുകൊണ്ടു് ബാവാതിരുമേനി ഏതാനും നിമിഷങ്ങൾ ആശീർവാദരൂപത്തിൽ പ്രസംഗിച്ചു. പ്രഗൽഭമതികളായ പലരും ശ്രമിച്ചിട്ടും സാധിക്കാതിരുന്ന സമാധാനം ഒരനുഗ്രഹീത സന്ദർഭത്തിൽ ദൈവം സഭയ്ക്കു നൽകിയതാണെന്നും ദൈവം നൽകിയ ഈ സമാധാനം എല്ലാക്കാലവും ഭദ്രമായി സൂക്ഷിക്കണമെന്നും തിരുമേനി പ്രസ്താവിച്ചു. വലിയമാർ ദീവന്നാസ്യോസ് എന്ന പേരിൽ പ്രസിദ്ധനായ ആറാംമാർത്തോമ്മാ മെത്രാപ്പോലീത്തായാണു് ധർമ്മകാര്യങ്ങൾക്കായി മൂവായിരം പൂവറാഹൻ സമുദായത്തിൻെറ പേരിൽ വട്ടിപ്പണമായി നിക്ഷേപിച്ചതെന്നും ദീർഘകാലം വ്യവഹാരകാരണമായിത്തീർന്നിരുന്ന ഈ വട്ടിപ്പണത്തിൻെറ നിക്ഷേപകനായ ആ മെത്രാപ്പോലീത്താ കബറടങ്ങിയ പള്ളിയങ്കണത്തിൽവച്ചു നവ്യമായ സമാധാനത്തിൻെറ അന്തരീക്ഷത്തിൽ മലങ്കര അസോസ്യേഷൻ ചേരുന്നതിനുള്ള പ്രത്യേകം പ്രാധാന്യം അർഹിക്കുന്ന ഒന്നാണെന്നും ഏതൊരുദ്ദേശത്തിനുവേണ്ടി ആ സംഖ്യ നിക്ഷേപിച്ചുവോ ആ ഉദ്ദേശം സാധിക്കുവാനുള്ള സാഹചര്യം പുത്തൻകാവിൽവച്ചുതന്നെ സംജാതമാകുന്നുവെന്നുമുള്ളതു ചാരിതാർത്ഥ്യജനകമാണെന്നും തിരുമേനി പ്രസ്താവിച്ചു. പുത്തൻകാവിൽ കബറടങ്ങിയ മാർ പീലക്സീനോസ് മെത്രാപ്പോലീത്തായെപ്പററി അനുസ്മരിച്ചപ്പോൾ തിരുമേനി ഗൽഗദകണ്ഠനായി. പിന്നീടു ട്രസ്റ്റിമാരായി തെരഞ്ഞെടുക്കപ്പെടേണ്ടവരെ സംബന്ധിച്ച മാനേജിംഗ് കമ്മിററിയുടെ നിർദ്ദേശം സദസ്സിനെ അറിയിക്കയും തെരഞ്ഞെടുപ്പു നടത്തുവാൻ കല്പിക്കയും ചെയ്തു. മത്യൂസ് മാർ അത്താനാസ്യോസ് തിരുമേനി സ്ഥാനാർത്ഥികളുടെ പേരുകൾ നിർദ്ദേശിക്കുവാൻ സദസ്സിനെ ക്ഷണിച്ചു. ദിവ്യശ്രീ മണലിൽ യാക്കോബു കത്തനാരുടെ പേരു ദിവ്യശ്രീ മുറിമററത്തിൽ കത്തനാർ നിർദ്ദേശിച്ചു അദ്ദേഹം ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. അതിനുശേഷം ശ്രീ. ഉപ്പൂട്ടിൽ കര്യൻ എബ്രഹാമിൻെറ പേർ ശ്രീ. എം. പി. ജോസഫ് നിർദ്ദേശിച്ചു. അദ്ദേഹവും ഐകകണ്ഠ്യേന തെരഞ്ഞെടുക്കപ്പെട്ടു. ഇപ്രകാരം ജനപ്രതിനിധികൾ അഭിപ്രായവ്യത്യാസം കൂടാതെ നടത്തിയ ഒരു തെരഞ്ഞെടുപ്പു ഭാസുരമായ ഭാവിയുടെ സുവ്യക്തമായ സൂചനയാണെന്നും, തെരഞ്ഞെടുക്കപ്പെട്ട കത്തനാർ ട്രസ്റ്റിയേയും അയ്മേനിട്രസ്റ്റിയേയും താൻ അംഗീകരിക്കുന്നുവെന്നും പ്രഖ്യാപിച്ചു. കാതോലിക്കാസ്ഥാപനത്തിൻെറ കീഴിൽ ജനങ്ങൾ ഏകയോഗക്ഷേമമായി ചേർന്നിരിക്കുന്ന പുതിയ പരിതഃസ്ഥിതിയിൽ കാതോലിക്കാസിംഹാസനവും അന്ത്യോക്യയിലെ പാത്രിയർക്കാസിംഹാസനവും തമ്മിലുള്ള സ്നേഹബന്ധം അഭംഗം പുലർത്തിക്കൊണ്ടുപോകാൻ സാധിക്കുമെന്നു തിരുമേനി പൂർണ്ണമായി വിശ്വസിക്കുന്നു.

തിരുമേനി ഇങ്ങനെ തുടർന്നു;—സമാധാനത്തിനു വേണ്ടി ആലുവായിലും ചിങ്ങവനത്തും മററു പലയിടങ്ങളിലും കൂടിയാലോചനകൾ നടത്തുകയും പല സന്ധിവ്യവസ്ഥകളിൽ സമുദായത്തിലെ രണ്ടു വിഭാഗക്കാരും പല ഘട്ടങ്ങളിൽ ഒപ്പു വയ്ക്കുകയും ചെയ്തു. ഇൻഡ്യയിലെ മഹാ ധിഷണാശാലികളിൽ ഒരാളായിരുന്ന വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസു തിരുമേനിയും, ഈ.ജെ. ജോൺ, എം.എ. ചാക്കോ, കെ.സി. മാമ്മൻമാപ്പിള മുതലായ നിരവധി നേതാക്കന്മാരും സമാധാനത്തിനു വേണ്ടി പരിശ്രമങ്ങൾ നടത്തിയിട്ടുള്ളവരാണു്.

വീണ്ടും വീണ്ടും സമാധാനം കൈവരാതെ സമുദായം തളർന്നു വീഴുകയാണുണ്ടായതു്. അതിൻെറ കാരണങ്ങളെപ്പററി നിങ്ങൾ ആലോചിക്കണം. അതെല്ലാം മനുഷ്യൻെറ പ്രയത്നങ്ങളായിരുന്നു. ഇപ്പോൾ മനുഷ്യൻെറ ബുദ്ധിസാമർത്ഥ്യം പരാജയപ്പെട്ടിടത്തു ദൈവത്തിൻെറ കാരുണ്യമുണ്ടായി. ഒരു നിമിഷത്തിനുള്ളിൽ അപ്രതീക്ഷിതമായ ഒരു സന്ദർഭത്തിൽ ദൈവം നമുക്കു സമാധാനം ദാനംചെയ്തു. നമ്മൾ ഇനിയും തമ്മിൽതല്ലി സമാധാനത്തെ ശിഥിലമാക്കരുതു്. പുതുതായി തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റികൾ, മുമ്പുള്ള അനുഭവത്തിൽനിന്നു്, ഒരു പാഠം മനസ്സിലാക്കണം. അധികാരഭ്രമം വിട്ടു്, എല്ലാക്കാര്യത്തിലും ദൈവാശ്രയത്തോടും, ത്യാഗസന്നദ്ധതയോടും, വിനയത്തോടും പെരുമാറണം. സമാധാനഭഞ്ജകമായ ഒരു പ്രവൃത്തിയിലും അവർ കടുങ്ങരുതു്. ഇപ്പോഴത്തെ സമാധാനം നേടുന്നതിൽ ശ്ളാഘനീയമായി പ്രവർത്തിച്ച മാർ യൂലിയോസു മെത്രാപ്പോലീത്താ നമ്മുടെ എല്ലാവരുടെയും, കൃതജ്ഞത അർഹിക്കുന്നു. സമാധാനത്തിനു് അനുകൂലമായി നിർബന്ധപൂർവം അന്ത്യോക്യാ സിംഹാസനത്തിലേക്കു് അദ്ദേഹം എഴുതിയെന്നുള്ളതു പ്രത്യേകം സ്മർത്തവ്യമാണു. ഈ നാട്ടിലുള്ള മെത്രാപ്പോലീത്താമാരെല്ലാം ഒററക്കെട്ടായി നിൽക്കുകയാണെന്നും, കാതോലിക്കാ സ്ഥാപനത്തെ അംഗീകരിച്ചു സമാധാനം സ്ഥാപിക്കേണ്ടതു് അനിവാര്യമായ ഒരു കർത്തവ്യമാണെന്നും അന്ത്യോക്യാസിംഹാസനത്തിലേക്കു് എഴുതി അയച്ച മെത്രാപ്പോലീത്താമാരോടു സമുദായം കൃതജ്ഞതയുള്ളവരും, എന്നെന്നും കടപ്പെട്ടവരുമാണു്. സമുദായത്തിൽ അഭംഗമായ സമാധാനം നിലനിൽക്കട്ടെ എന്നു് ആശംസിച്ചുകൊണ്ടു ബാവാതിരുമേനി പ്രസംഗം ഉപസംഹരിച്ചു.

മാർ യൂലിയോസ് മെത്രാപ്പോലീത്താ തിരുമേനി

പ. കാതോലിക്കാ ബാവാതിരുമേനിയുടെ പ്രസംഗം കഴിഞ്ഞപ്പോൾ, മാർ യൂലിയോസ് തിരുമേനിയുടെ പ്രസംഗം കേൾക്കണമെന്നു ജനങ്ങൾ ആവശ്യപ്പെട്ടു. അനേകം വർഷങ്ങളായി സമുദായത്തെ അലട്ടിക്കൊണ്ടിരുന്ന കലഹങ്ങൾ അവസാനിക്കയും, സഭയിൽ സമാധാനം സ്ഥാപിതമാകയും ചെയ്തതു ദൈവത്തിൻെറ കാരുണ്യം കൊണ്ടാണെന്നു മാർ യൂലിയോസ് തിരുമേനി പ്രസ്താവിച്ചു. കലഹിച്ച രണ്ടു വിഭാഗങ്ങൾക്കും തെററുകൾ പററിയിട്ടുണ്ടു്. അവയെന്നും ഞാൻ എടുത്തു പറയണമെന്നില്ലല്ലോ. ഓരോരുത്തരും അവരവരുടെ കുററം കണ്ടുപിടിച്ചു തെററു തിരുത്തുവാൻ ശ്രമിക്കണം. സമാധാനത്തെ തകർക്കുവാൻ സാത്താൻ ചെയ്യുന്ന ശ്രമങ്ങളെ നിങ്ങൾ എപ്പോഴും എതിർത്തു സഭയെ രക്ഷിക്കണം. നാം ഒന്നായിച്ചേർന്നിരിക്കയാണു്. നാം ഒന്നായിത്തന്നെ തുടരണം. അധികനേരം പ്രസംഗിക്കുവാൻ എൻെറ വാർദ്ധക്യം എന്നെ അനുവദിക്കുന്നില്ല. പിതാവിൻെറ നിർദ്ദേശമനുസരിച്ചു് അൽപ്പം എന്തെങ്കിലും പറയുന്നുവെന്നേയുള്ളൂ. കാതോലിക്കാ സിംഹാസനവും അന്ത്യോക്യയിലെ പാത്രിയർക്കാ സിംഹാസനവും തമ്മിലുള്ള സ്നേഹം നില നിർത്തുവാൻ പര്യാപ്തമായ വിധത്തിൽ സമുദായ വിഭാഗങ്ങൾ ഒന്നിച്ചു് ചേർന്നതിൽ തിരുമേനി തികഞ്ഞ സംതൃപ്തി പ്രകടിപ്പിച്ചു. സമാധാനത്തെയും, ഐക്യത്തെയും നില നിർത്തണമെന്നു തിരുമേനി വികാരനിർഭരനായി പ്രസ്താവിച്ച സന്ദർഭങ്ങളിൽ ജനങ്ങൾ കരഘോഷങ്ങളാൽ തങ്ങളുടെ സന്തോഷം പ്രകടിപ്പിച്ചു.

(ശേഷം അഞ്ചാംപേജിൽ)

അഭിവന്ദ്യ തിരുമേനിമാർക്കു സഭാസ്നേഹികളുടെ ഹൃദയസ്പൃക്കായ സ്വീകരണം

ഒന്നര ലക്ഷം ജനങ്ങൾ പങ്കെടുത്ത ഘോഷയാത്രയും ചടങ്ങുകളും— തിരുമേനിമാരുടെ ഹംസരഥത്തിലെ സമാധാന യാത്ര

(സ്റ്റാഫ് പ്രതിനിധി) ചെങ്ങന്നൂർ, ഡിസംബർ 26

മലങ്കര സുറിയാനി സഭയിലെ അഭിവന്ദ്യ തിരുമേനിമാർക്കു മദ്ധ്യതിരുവിതാംകൂറിലെ സഭാസ്നേഹികളുടെ വകയായി ഒരു ഗംഭീരസ്വീകരണം നൽകപ്പെട്ടിരിക്കുന്നു. മലങ്കര സഭാസമാധാനം സഭാംഗങ്ങളിലുണ്ടാക്കിയിട്ടുള്ള പ്രതികരണത്തിൻെറ ഒരു യഥാർത്ഥ ചിത്രമായിരുന്നു, വ്യാഴാഴ്ച ഉച്ചയ്ക്കു ശേഷം ചെങ്ങന്നൂരും പുത്തൻകാവിലും നടന്ന വർണ്ണശബളമായ സ്വീകരണ പരിപാടികളിലും ഘോഷയാത്രയിലും തെളിഞ്ഞുനിന്നിരുന്നതു്.

ചെങ്ങന്നൂർ മുതൽ പുത്തൻകാവുവരെ രണ്ടു മൈൽ നീളത്തിലുള്ള പാതയുടെ ഇരുവശങ്ങളിലും കമനീയമായി അലങ്കരിച്ചിരുന്നു. ചരിത്രപ്രസിദ്ധമാകേണ്ട മലങ്കര അസോസ്യേഷൻ സമ്മേളനത്തിനു മുമ്പുതന്നെ അഭിവന്ദ്യ തിരുമേനിമാർക്കു് അത്യുജ്ജ്വലമായ ഒരു സ്വീകരണം നൽകുന്നു എന്നുള്ള വാർത്ത അറിഞ്ഞിരുന്നതുകൊണ്ടു് ഇന്നലെ പകൽ പന്ത്രണ്ടു മണിക്കുതന്നെ ചെങ്ങന്നൂരിലെ ബഥേൽ പള്ളിയും പരിസരങ്ങളും ജനനിബിഡമായിക്കഴിഞ്ഞിരുന്നു. ജനക്കൂട്ടത്തെ ആവുന്നത്ര നിയന്ത്രിക്കുവാനും, സ്വീകരണപരിപാടികൾ വിജയിപ്പിക്കുവാനും, നൂറുകണക്കിനു സന്നദ്ധഭടന്മാർ നേരത്തെതന്നെ അതതു സ്ഥാനങ്ങളിൽ നിലയുറപ്പിച്ചിരുന്നുവെങ്കിലും തങ്ങളുടെ തിരുമേനിമാരെ ഒരു നോക്കു കാണുവാനുള്ള ജനങ്ങളുടെ ആവേശത്തെ തടഞ്ഞുനിർത്താൻ അവർക്കും കഴിഞ്ഞില്ല. മൂന്നു മണിയോടുകൂടി നി. വ. ദി. ശ്രീ. ഏലിയാസ് മാർ യൂലിയോസ് തിരുമേനി ബഥേലിൽ എത്തിച്ചേർന്നു. ദേഹാസ്വാസ്ഥ്യം മൂലം നടക്കുവാനോ നിൽക്കുവാൻതന്നെയോ വിഷമമുണ്ടായിരുന്നിട്ടും തിരുമേനി ആദ്യവസാനം പരിപാടികളിൽ പങ്കെടുത്തു. നാലരമണിക്കു മുമ്പായിത്തന്നെ മാർ സേവേറിയോസ്, പൗലോസ് മാർ പീലക്സീനോസ്, ദാനിയേൽ മാർ പീലക്സീനോസ്, പത്രോസ് മാർ ഒസ്താത്തിയോസ്, മാർ ഗ്രീഗോറിയോസ് (ആലുവാ), മാർ ഈവാനിയോസ്, മാർ ദീവന്നാസ്യോസ്, മാർ ഗ്രീഗോറിയോസ് (പാമ്പാടി), മാർ കൂറിലോസ് എന്നീ തിരുമേനിമാരും ബഥേൽ പള്ളിയിലെ സ്വീകരണപ്പന്തലിൽ വന്നുചേർന്നു.

ഘോഷയാത്ര ആരംഭിക്കാറായപ്പോഴേക്കും ബഥേലിൽനിന്നു പുത്തൻകാവിലേക്കുള്ള പാതയുടെ ഇരുവശത്തും തിങ്ങിക്കൂടി നിന്ന ജനങ്ങളുടെ ബാഹുല്യംമൂലം ഗതാഗതം പരിപൂർണ്ണമായും നിലച്ചു.

അഞ്ചുമണിയോടുകൂടി തിരുമേനിമാരെ കൊണ്ടുപോകുവാനായ പ്രത്യേകം നിർമ്മിച്ച ഹംസരഥത്തിൽ തിരുമേനിമാരെല്ലാവരും ഉപവിഷ്ടരായി. അനേകം നിലകളുള്ള ഒരു ഗംഭീരമായ ഘോഷയാത്ര ആരംഭിക്കുകയാണു്. ഏററവും മുമ്പായി ചെണ്ടമേളം അതിൻെറ പിറകിലെ മുത്തുക്കുട, വെള്ളിക്കുരിശുകൾ, വെടികർ, ഹംസരഥം, ജനങ്ങൾ, വാഹനങ്ങൾ എന്നീ ക്രമത്തിലാണു ഘോഷയാത്ര സംവിധാനം ചെയ്തിരുന്നതു്. പടിഞ്ഞാറു ചാഞ്ഞുതുടങ്ങിയിരുന്ന കതിരവൻെറ കിരണങ്ങളേററു മിന്നിത്തിളങ്ങിക്കൊണ്ടിരുന്ന വെള്ളിക്കുരിശുകളുടെ നെടുനീളത്തിലുള്ള ഘോഷയാത്ര അവിസ്മരണീയമായ ഒരു കാഴ്ചയായിരുന്നു. ഇരുവശത്തുമുള്ള ഇരുനിലമാളികകളുടെ മുകളിലും, കാലുകുത്താനിടമുള്ള ലെവലിലെല്ലാംതന്നെയും തിങ്ങിനിന്ന ജനതതി കൂപ്പുകൈകളോടെ അഭിവന്ദ്യ തിരുമേനിമാർക്കു് അഭിവാദനമർപ്പിച്ചു. സ്വരഥത്തിൻെറ ഇരുവശങ്ങളിലും നിരന്നിരുന്ന തിരുമേനിമാർ ശ്ലീബായുയർത്തി ജനക്കൂട്ടത്തെ അനുഗ്രഹിച്ചപ്പോൾ, നീണ്ട അരശതാബ്ദക്കാലമായി നിലനിന്നിരുന്ന കലഹത്തിൻെറ അവസാനം കണ്ടെത്തിയ സമാധാനത്തോടെയാവാം ചിലരുടെ നയനങ്ങളിൽ സന്തോഷാശ്രുക്കൾ നിറയുന്നതു കാണാമായിരുന്നു. വെള്ളക്കൊടികളോടുകൂടിയ സന്നദ്ധഭടന്മാരുടെ മുന്നണിയിൽ പബ്ലിസിററിപ്രവർത്തകനായിരുന്ന ശ്രീ. കെ. ഇ. മാമ്മൻ ഊർജ്ജസ്വലതയോടെ നിർദ്ദേശങ്ങൾ നൽകുന്നുണ്ടായിരുന്നു. സമീപപ്രദേശങ്ങളിലെ ഇടവകളിൽനിന്നും, അലങ്കരിച്ചലോറികളും, കാറുകളിലുമായി ഒരു വലിയ ജനക്കൂട്ടം ഘോഷയാത്രയുടെ പിന്നണിയിൽ സമാധാനത്തിൻെറ മുദ്രാവാക്യമായി സാവധാനത്തിൽ നീങ്ങുകയായിരുന്നു. ''പാറട്ടങ്ങനെ പാറട്ടെ ഐക്യത്തിൻകൊടി പാറട്ടെ'' ''ഉയരട്ടങ്ങനെ ഉയരട്ടെ മലങ്കര [illegible] ഉയരട്ടെ'' ''പാറട്ടങ്ങനെ പാറട്ടെ സ്നേഹത്തിൻ കൊടിപാറട്ടെ'' എന്നിങ്ങനെയുള്ള ആവേശകരങ്ങളായ മുദ്രാവാക്യങ്ങൾ എല്ലാ ശബ്ദങ്ങളെയും ഭേദിച്ചുകൊണ്ടു് അന്തരീക്ഷത്തിലേക്കുയരുന്നുണ്ടായിരുന്നു.

പതിനായിരക്കണക്കിനു് ആളുകൾ ഘോഷയാത്രയിൽ സംബന്ധിച്ചിരുന്നു. പാതയുടെ ഇരുവശങ്ങളിലുമുള്ള വീടുകളിൽ വെള്ളയും പട്ടുംകൊണ്ടലങ്കരിച്ചിരുന്നു. നിലവിളക്കിൻെറയും മെഴുകുതിരിയുടെയും പ്രകാശത്തിൽ പ. പാത്രിയർക്കീസ്ബാവാ തിരുമേനിയുടെയും, പ. കാതോലിക്കാബാവാ തിരുമേനിയുടെയും കാലം ചെയ്ത മാർ പീലക്സീനോസ് തിരുമേനിയുടെയും ഛായാപടങ്ങൾ അലങ്കരിച്ചു വച്ചിരുന്നു.

ഓരോ കവലകളിലെത്തുമ്പോഴും കരിമരുന്നുപ്രയോഗങ്ങൾക്കും ആർപ്പുവിളികൾക്കുമുള്ള ശക്തിവർദ്ധിച്ചുവന്നു. ഒരു മനുഷ്യമഹാസമുദ്രം ഇരമ്പി നീങ്ങുന്നതുപോലെ തോന്നി. ഏകദേശം എട്ടുമണിയോടുകൂടിയാണു ഘോഷയാത്ര രണ്ടുമൈൽ അകലെയുള്ള പുത്തൻകാവിലെ കുരിശുകവലയിൽ എത്തിച്ചേർന്നതു്. ഒരു വലിയ ജനക്കൂട്ടം അവിടെയും തടിച്ചുകൂടിയിട്ടുണ്ടായിരുന്നു. അഭിവന്ദ്യ തിരുമേനിമാരെ, ആർപ്പുവിളികളോടെയാണു ജനതതി സ്വീകരിച്ചതു്. പള്ളിയങ്കണത്തിൽ കെട്ടിയുയർത്തിയിരുന്ന സമ്മേളനപ്പന്തലിലേക്കുള്ള കൽപ്പടവുകളിൽ സന്നദ്ധഭടന്മാർ നിരന്നുനിന്നിരുന്നു.

കത്തിച്ചുപിടിച്ച മെഴുകുതിരിയുമായി പള്ളിവികാരി റവ. ഫാ. സി. വി. ജോൺ ബ. തിരുമേനിമാരെ സ്വീകരിച്ചു പള്ളിമേടയിലേക്കാനയിച്ചപ്പോൾ ഇരുപത്തിയൊന്നു് ആചാരവെടികൾ മുഴങ്ങി. ശബ്ദായമാനമായ ആ അന്തരീക്ഷത്തിൽ ഏകദേശം ഒരു മണിക്കൂർ നേരം നീണ്ടുനിന്ന കരിമരുന്നുപ്രയോഗം ആരംഭിച്ചു.



ഘോഷയാത്രയിലെ ഒരു ര

ചുമ നിങ്ങളെ വിഷമിപ്പിക്കുന്നുണ്ടോ?
എന്നാൽ Alembic ഗ്ലൈക്കോഡിൻ ടേർപ്പ്-വസാക്കാ
നിങ്ങൾ തീർച്ചയായും കഴിക്കണം. അതു് ഉടനടി നിങ്ങൾക്കു് ആശ്വാസം നൽകുന്നതിനെ നോക്കുക
അലെംബിക്ക് കെമിക്കൽ വർക്ക്സ് കം ലി., ബറോഡാ-3.
1907 മുതൽക്കേ ഫ്രുഗസായനികളും ഔഷധങ്ങളും നിർമ്മിക്കുന്നവർ.
GTV. 58.10 ML EVEREST

'അനാസിൻ'
തലവേദന, ജലദോഷം, പനി, മാംസപേശിവേദന ഇവയകറ്റുന്നതിനും ആശ്വാസം നൽകുന്നതിന് മെച്ചമാണ്
കാരണം അതിൽ നാലു മരുന്നുകൾ അടങ്ങിയിട്ടുണ്ട്



WILL NOT UPSET THE STOMACH
DOES NOT HARM THE HEART
ANACIN
TRADE MARK REGISTERED
TABLETS
GEOFFREY MANNERS & COMPANY PRIVATE LIMITED
MAGNET HOUSE DOUGALL ROAD BOMBAY
WHITEHALL PHARMACAL COMPANY NEW YORK U.S.A.
ഏററവും ഫലപ്രദമായ വേദനാസംഹാരികൾ ചേർത്തു തയാറാക്കപ്പെട്ടിട്ടുള്ള 'അനാസിൻ' പോലെ സത്വരമായും, സുരക്ഷിതമായും, സുനിശ്ചിതമായും വേദനനീക്കുവാൻ ഒററ മരുന്നുകൾ മാത്രം അടങ്ങിയ ഔഷധങ്ങൾക്കു് സാദ്ധ്യമല്ലെന്നു് വൈദ്യശാസ്ത്രജ്ഞന്മാർ പരിക്ഷിച്ചറിഞ്ഞിട്ടുണ്ടു്. 'അനാസിൻ' ഡോക്ടറുടെ ഔഷധവിധിപോലെയാണു്. അതിൽ നാലു മരുന്നുകൾ ശാസ്ത്രീയമായ രീതിയിൽ സംയോജിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, തലവേദന, ജലദോഷം, പനി, പല്ലുവേദന, മാംസപേശിവേദന ഇവയിൽനിന്നും വേഗത്തിൽ ആശ്വാസം ലഭിക്കുവാൻ 'അനാസിൻ' പോലെ ഫലപ്രദമായ മറെറാന്നുമില്ല തന്നെ. എപ്പോഴും വീട്ടിൽ 'അനാസിൻ' കരുതുക.
GEOFFREY MANNERS & CO. PRIVATE LTD. REGISTERED USER
K. 67 (R) MAL

ഇൻഡ്യയുടെ അഭിമാനസമ്പത്തിൽ
സവാരി ചെയ്യുക

JUBILEE RIMS
ONLY QUALITY IS TRUE ECONOMY
INDIA'S FINEST CYCLE RIMS
ഇൻഡ്യയുടെ അതിവിശിഷ്ടമായ
ജൂബിലി സൈക്കിൾറിമ്മുകൾ ഉപയോഗിക്കുക.
അത്യുത്തമമായ സ്ററീൽകൊണ്ടു് ഏററവും ആധുനികമായ യന്ത്രങ്ങളിൽ നിർമ്മിച്ചതു്. ഏററവും സൂക്ഷ്മതരമായ ക്വാളിററി കൺട്രോൾ വ്യവസ്ഥകളിൽ നിയന്ത്രിക്കപ്പെട്ടതു്. ഏററവും ഉൽകൃഷ്ടമായ സ്റ്റാൻഡേർഡുകൾക്കു് അനുയോജ്യം. നിങ്ങൾ പുതിയ സൈക്കിൾ വാങ്ങുമ്പോൾ അതു് ''ജൂബിലി റിമ്മുകൾ'' ഫിററു ചെയ്തതാണോ എന്നു പരിശോധിക്കണം.
നിർമ്മാതാക്കൾ;—ദി വീൽ ആൻഡ് റിം കമ്പനി ഓഫ് ഇൻഡ്യാ പ്രൈവററ് ലിമിററഡ്; സെംബിയം — മദ്രാസ് 11.

ഇവിടത്തെ എല്ലാ പദാർത്ഥങ്ങളും ശുദ്ധിചെയ്ത വിമല സസ്യഎണ്ണയിൽ പാകം ചെയ്തതാണ്
വിമലകൊണ്ടു് പാകംചെയ്ത പദാർത്ഥങ്ങൾക്കു് ആവശ്യപ്പെടുമ്പോൾ കുട്ടികൾ അവരുടെ അഭിനന്ദനീയമായ അഭിരുചിയാണു് പ്രദർശിപ്പിക്കുന്നതു്. ശുദ്ധിചെയ്ത വിമല സസ്യഎണ്ണകൊണ്ടുണ്ടാക്കിയ ഭക്ഷണ പദാർത്ഥങ്ങൾ അത്രയേറെ രുചികരമാണു്. ആരോഗ്യകാര്യത്തിൽ പരിശുദ്ധമായതാണു് ശുദ്ധിചെയ്ത വിമല സസ്യഎണ്ണ …… ഐ. എസ്. ഐ. നിർദ്ദേശങ്ങൾക്കനുസരിച്ചു് വിദഗ്ദ്ധമായ മേൽനോട്ടത്തിൽ നിർമ്മിക്കുന്നതു്.
ഗവൺമെൻറ് ഹൈഡ്രോജനേഷൻ ഫാക്ടറി
(പൊതുഉടമയിലുള്ള ഏക വനസ്പതി ഫാക്ടറി)
കോഴിക്കോട് - കേരള.



കേരള ഗവൺമെൻറിൻെറ ഒരു ഉല്പാദനം

ചൊറിയോ?



കെമ്പ്സ് റിംഗ്‌വേം ലേപനം പുരട്ടുക
ഉടനടി ആശ്വാസം നൽകുന്ന പ്രസിദ്ധ റിംഗ്‌വേം ആയിൻമെൻറ്. പുഴുക്കടി, അലക്കുസംബന്ധിച്ച ചൊറി, ചർമ്മം ചൊറിച്ചിൽ, മററു ത്വക്ക് രോഗങ്ങൾ ഇവയ്ക്ക് ആശ്വാസവും, ശമനവും നൽകുന്ന ഒരു സുരക്ഷിതമായ ഔഷധം
നിർമ്മാതാക്കൾ:-
കെമ്പ് & കം. ലി.
ബോംബെ — കൽക്കത്ത
ഡെൽഹി — മദ്രാസ്

KC-R/4Mal

ALIND KER-AL-LITE
For all house and [illegible] cations, use ALIND KER-AL-LITE ... the new polythene-insulated, polyvinyl chloride (PVC) sheathed building wire.
ALIND KER-AL-LITE is manufactured to BS 2791: 1956 for aluminium conductors and BS 1557: 1954 for polythene insulation and PVC sheathing.
Approved by the Directorate General of Supplies and Disposals, also by Kerala, Madras, Andhra and Orissa States and project authorities and electricity undertakings in various States.
THE ALUMINIUM INDUSTRIES LIMITED
KUNDARA KERALA
HIRAKUD ORISSA
Managing Agents:
Seshasayee Bros. (Trav.) Private Ltd.
AL 596



ചാമ്പിയൻ
(രജിസ്റ്റേർഡ്)
ലീക്ക് ചെയ്യുകയും, മഷി കട്ട പിടിക്കയും കടലാസ്സിൽ പോറലുണ്ടാക്കുകയും ചെയ്യുന്ന താണതരം പേനകൾ വാങ്ങി ക്ലേശിക്കരുതു്. ഇന്നുതന്നെ 'ചാമ്പിയൻ' വാങ്ങുക! ഏററവും ആധുനിക രീതിയിലുള്ള സാങ്കേതിക സമ്പ്രദായങ്ങൾ ഉപയോഗിച്ചു് നിർമ്മിക്കപ്പെടുന്ന ഈ പേനകൾ എഴുതുവാൻ എത്രയും സുഖകരമാണു് എല്ലാവർക്കും വാങ്ങുവാൻ പററിയ വിലകളിൽ പല സൈസുകളിലും നിറങ്ങളിലും ഇവ ലഭിക്കുന്നതാണു്
ഗുജറാത്ത് ഇൻഡസ്ട്രീസ് പ്രൈവററ് ലിമിററഡ്;
ലാൽജി മാൻസിങ്ങ് ബിൽഡിങ്ങ്, ലോഹാർ ചാൽ, ബോംബെ-2.
CI.2